ജൂൺ 2020

## ആഴത്തിലേക്കു നീക്കി, മീൻ പിടിക്കാൻ വലയിറക്കുക

(ലൂക്കാ 5:4)



രാത്രിമുഴുവൻ അധ്വാനിച്ചിട്ടും ഒരു മത്സ്യത്തെപ്പോലും വലയിലാക്കാനാവാതെ തളർന്നു നിരാശനായി ശിമയോൻ പത്രോസ് കരയിൽ തിരിച്ചെത്തുന്നു. വല കഴുകുകയായിരുന്ന ശിമയോനോട്  കരയിൽ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്ന യേശു, അവന്റെ വഞ്ചി ആവശ്യപ്പെടുന്നു. തെല്ലു വൈമനസ്യത്തോടെ ആണെങ്കിലും ശിമയോൻ തന്റെ വഞ്ചി യേശുവിന് വിട്ടുകൊടുക്കുന്നു. യേശുവിന്റെ ലാളിത്യവും സ്നേഹവും  അവന്റെ വാക്കുകളുടെ ആഴവും ശിമയോനെ ആകർഷിക്കുന്നു. തന്റെ വല വീണ്ടും ആഴങ്ങളിലേക്ക്  ഇറക്കാൻ യേശു അവനോട് ആവശ്യപ്പെട്ടപ്പോൾ, തനിക്ക് നിരാശ മാത്രം സമ്മാനിച്ച അതേ കടലിലേയ്ക്ക് വലയിറക്കാനവൻ തയ്യാറാകുന്നു. പിന്നീട് അവിടെ സംഭവിക്കുന്നത് അസാധാരണമായ ഒരു കാര്യമാണ്. വലകീറുവോളം മീനുകൾ! താൻ ജീവിതകാലം മുഴുവൻ ഉപയോഗിച്ച അതേ വല വീണ്ടും വെള്ളത്തിലിറക്കാൻ ആവശ്യപ്പെടുന്ന യേശുവിന്റെ വാക്കുകൾക്ക് മുൻവിധികൂടാതെ ശിമയോൻ ചെവികൊടുത്തപ്പോൾ അത് അവന്റെ ജീവിതത്തെ ആകെമാനം മാറ്റിമറിക്കുന്ന ഒരു മഹാസംഭവമായായി മാറുന്നു.

തുടക്കത്തിൽ ശിമയോന്റെ സന്തോഷം അത്ഭുതകരമായി തന്റെ വലയിൽ നിറഞ്ഞ മീനുകളായിരുന്നുവെങ്കിലും, അതു സാവധാനം ആത്മാർത്ഥമായ മാനസാന്തരത്തിനു വഴിമാറി.  തന്റെ ആത്മീയ ദാരിദ്ര്യം തിരിച്ചറിഞ്ഞ പത്രോസിനെ, ലൗകിക സമൃദ്ധിക്കതീതമായ ആനന്ദത്തിലേക്കു യേശു ക്ഷണിക്കുന്നു. തന്നെ അനുഗമിച്ചുകൊണ്ട് ദൈവരാജ്യമാകുന്ന വലയിലേക്ക് മനുഷ്യരെ പിടിക്കുന്ന ഉന്നതമായ ദൗത്യത്തിൽ അവനോടൊപ്പം ചേരാൻ യേശു അവനെ വിളിക്കുന്നു. തന്റെ വലയും വഞ്ചിയും ഉപേക്ഷിച്ച് അവൻ യേശുവിനെ പിഞ്ചെല്ലുന്നു.

മനുഷ്യരെ പിടിക്കുകയെന്ന ഉന്നതമായ വിളി ലഭിച്ചിട്ടുള്ള നമ്മുടെ വഞ്ചിയിലേയ്ക്കും യേശു അനുദിനം കടന്നുവരുന്നുണ്ട്. നമ്മുടെ താല്പര്യങ്ങളും, കഴിവുകളുമാണ് വല. ആത്മാക്കളെ നേടുവാനായി അത് ആഴത്തിലേയ്ക്ക് ഇറക്കുവാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു. അവന്റെ കല്പനകൾ അനുസരിച്ചുകൊണ്ട് നാം ചെയ്യുന്ന സാധാരണ പ്രവൃത്തികൾ അത്ഭുതകരമായ രക്ഷയിലേക്ക് നയിക്കപ്പെടുന്നു.

അവിടുന്നാവശ്യപ്പെടുന്നതുപോലെ നമ്മുടെ വലകൾ ആഴത്തിലേയ്ക്ക് ഇറക്കുന്നതിന് തടസ്സമാവുന്നത് എന്തൊക്കെയാണ്? അവന്റെ സ്വരം നാം കേൾക്കാതിരിക്കുന്നുണ്ടോ? അവനിൽ നമുക്ക് വിശ്വാസക്കുറവുണ്ടോ? നമുക്ക് യോഗ്യതയോ, പ്രാപ്തിയോ ഇല്ലെന്നു ചിന്തിക്കുന്നുണ്ടോ? ഇത്തരം സംശയങ്ങൾ നിലനിൽക്കെതന്നെയാണ് പത്രോസ് അവയൊക്കെ അവഗണിച്ചുകൊണ്ട് യേശുവിന്റെ പിന്നാലെ യാത്രതിരിക്കുന്നത്. അദ്ദേഹത്തിൽ പ്രത്യേക കഴിവുകളോ, യോഗ്യതയോ ഒന്നും നാം കാണുന്നില്ല . എന്നാൽ, നാഥനെ സ്നേഹിച്ചുകൊണ്ട്, തന്റെ കഴിവിന്റെ പരമാവധി അദ്ദേഹം അധ്വാനിച്ചു. പത്രോസിനു വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. തനിക്ക് ഏറ്റവും ആവശ്യമായിരുന്ന സമയത്ത്

യേശുവിനെ തള്ളിപ്പറഞ്ഞിട്ടുമുണ്ട്. എന്നാല് നാഥന്റെ മുമ്പിൽ തന്റെ കുറവുകൾ ഏറ്റുപറഞ്ഞ്, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ജ്വലിച്ചുകൊണ്ട് സധൈര്യം  യേശുവിനെ പ്രഘോഷിച്ചു, ഒടുവിൽ രക്തസാക്ഷിയായിമാറിക്കൊണ്ട്  അദ്ദേഹം തന്റെ വിളിയും ദൗത്യവും പൂർത്തിയാക്കി. പത്രോസ് എന്ന പാറമേലാണ് സഭ പണിതുയർത്തപ്പെട്ടത് എന്ന് നാം വിസ്മരിക്കരുത്.

നമ്മുടെ കൂട്ടായ്മയിലും വിശുദ്ധ പത്രോസിനെപ്പോലെയുള്ള നിരവധിപേരെ നമുക്ക് കാണാനാവും . ഒരു പക്ഷേ അവരായിരിക്കും നമ്മെ വലവീശിപ്പിടിച്ച് കർത്താവിന്റെ പക്കലേക്കു കൊണ്ടുവന്നത്. അവരുടെ വിശ്വാസം നമ്മെ വിസ്മയിപ്പിക്കുന്നതാവാം. അവര് അസാധാരണ പാടവമുള്ളവരാണ് എന്ന് നമുക്കു തോന്നാം. പക്ഷേ, അവരുടെയോരോരുത്തരുടേയും ജീവിതയാത്രയെകളെക്കുറിച്ചു നമുക്കെന്തറിയാം? തങ്ങളുടെ പാപാവസ്ഥയും, അവിശ്വസ്തതയും, അയോഗ്യതയും അവർ അനേകം പ്രാവശ്യം തിരിച്ചറിഞ്ഞിട്ടുണ്ടാവാം. എന്നാൽ ദൈവരാജ്യശുശ്രൂഷക്കായുള്ള തങ്ങളുടെ വിളിയുടെ ആഴങ്ങളിലേക്കു നാഥൻ വിളിക്കുമ്പോഴെല്ലാം അവർ വിശ്വാസത്തിലും വിനയത്തിലും കർമനിരതരായിട്ടുണ്ട്. അവരും പത്രോസിനെപ്പോലെ തങ്ങളുടെ പ്രേഷിതയാത്ര ആരംഭിച്ചത് യേശുവിനെ തങ്ങളുടെ ജീവിതത്തിലേക്കും ഇല്ലായ്മയിലേക്കും പ്രവേശിക്കാൻ അനുവദിച്ചുകൊണ്ടാണ്. യേശുവിനെ അനുഗമിച്ചുകൊണ്ട്, അനുസരണത്തിലും സ്നേഹത്തിലും മുന്നേറിയപ്പോൾ അവരുടെ  ജീവിതത്തിലെ സാധാരണചര്യകൾ പോലും അസാധാരണമായ ഫലങ്ങൾ പുറപ്പെടുവിച്ചു.

പന്തക്കുസ്താ തിരുനാൾ ആഘോഷിച്ച ഈ അവസരത്തിൽ അപ്പസ്തോലന്മാരും ആദിമ സഭയും ആർജിച്ച ശക്തിയും ധൈര്യവും നമുക്ക് അനുസ്മരിക്കാം. നമ്മുടെ സാധാരണ ജീവിതത്തിലും  ആനന്ദത്തിന്റെയും പ്രേഷിത–തീക്ഷ്ണതയുടെയും അഗ്നി ആളിക്കത്താൻ നമുക്കു പ്രാർത്ഥിക്കാം. മനുഷ്യരെ പിടിക്കുകയെന്നതാണ് നമ്മുടെ ദൗത്യമെന്ന് നമുക്കു നമ്മെത്തന്നെ ഓർമപ്പെടുത്താം. സ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയത്തോടെ യേശുവിന്റെ വിളിക്ക് പ്രത്യുത്തരമേകാം. യേശുവിന്റെ പ്രിയ യുവാക്കളേ, ഒരു ചാകരയ്ക്കായി തയ്യാറെടുത്തുകൊണ്ട് ആഴത്തിലേക്കു നീക്കി, നിങ്ങളുടെ വലയിറക്കുക.

**"ആത്മാക്കളെ പിടിക്കാനുതകുന്ന വലയാണ് ആനന്ദം. അത് സ്നേഹത്താൽ കത്തിജ്വലിക്കുന്ന ഹൃദയത്തിന്റെ സുനിശ്ചിത ഫലവുമാണ് "**

– കൊൽക്കത്തയിലെ വിശുദ്ധ തെരേസ